LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യത്തീറ്റയായും വളമായും ഉപയോഗിക്കുന്നതിൻവേണ്ടി കടലിലെ ചെറുമത്സ്യങ്ങളെ കയറ്റുമതി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ എല്ലാ ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും മറൈൻ എൻഫോഴ്സ്മെന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള മത്സ്യബന്ധന രീതി ശ്രദ്ധയിൽപ്പെട്ടാൽ യാനം ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കി ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വളത്തിനായും മറ്റും ചെറു മത്സ്യങ്ങളെ പിടിക്കുന്നത് മത്സ്യ സമ്പത്ത് വൻതോതിൽ കുറയുന്നതിനിടയാക്കും. അതിനാൽ ഇത്തരത്തിലുള്ള മത്സ്യബന്ധനം തടയുന്നതിനായി കേരളത്തിലുള്ള 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും പട്രോളിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെ.എം.എഫ്.ആർ. ആക്ട് സെക്ഷൻ 4 അനുസരിച്ച് കേരള തീരക്കടലിൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ചെറുമത്സ്യങ്ങളെ പിടിച്ച 11 ബോട്ടുകൾ ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കിയിട്ടുണ്ട്.

(ഡി) ചെറുമത്സ്യങ്ങളെ പിടിക്കുന്നതും കടത്തുന്നതും ക്രയവിക്രയം നടത്തുന്നത് തടയുന്നതിനും നിരോധിക്കുന്നതിനും അപ്രകാരം പ്രവർത്തിക്കുന്നതിന് പെനാൽറ്റി ചുമത്തുന്നതിനും കെ.എം.എഫ്.ആർ. ആക്ട് 4-ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഫിഷറീസ് വകുപ്പിനു കീഴിലുള്ള 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും ചേർന്ന് കടൽ പട്രോളിംഗ് നടത്തി കെ.എം.എഫ്.ആർ. ആക്ടിന് വിരുദ്ധമായി മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് ശിക്ഷണ നടപടികൾ നടപ്പാക്കി വരുന്ന പ്രവൃത്തി കാലാകാലങ്ങളിലായി ചെയ്തുവരുന്നുണ്ട്.

മത്സ്യത്തൊഴിലാളി കടാശ്വാസ നിയമ പ്രകാരം കടങ്ങൾ എഴുതിത്തള്ളൽ

134 (139) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ മത്സ്യത്തൊഴിലാളി കടാശ്വാസ നിയമ പ്രകാരം ഏതെല്ലാം കടങ്ങൾ എഴുതിത്തള്ളി എന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ ഏതെല്ലാം കടങ്ങളാണ് ഇനിയും എഴുതി തള്ളാൻ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹകരണത്തോടെ നടപ്പാക്കുവാനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത മത്സ്യഫെഡ് മുഖേനയും സഹകരണ വകുപ്പുമുഖേനയും ഉള്ള മത്സ്യത്തൊഴിലാളികളുടെ കടങ്ങളാണ് എഴുതി തള്ളിയത്. മത്സ്യഫെഡ്, സഹകരണ വകുപ്പ് മുഖേന കടമെടുത്ത 38,522 പേർക്ക് 113,93,63,816 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സഹകരണ വകുപ്പ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട IV,V,VI,VII എന്നീ ലിസ്റ്റ് പ്രകാരമുള്ള കടങ്ങളും, ദേശസാത്കൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളും എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളാണ് ഇനി പരിഗണിക്കാനുള്ളത്.

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചമാസക്കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തുക വിതരണം ചെയ്തുവരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു.

മിഷൻ 676-ലെ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

135 (140) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി ക്ഷേമത്തിനും കടാശ്വാസത്തിനും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly